1. പ്രൈമറി തലത്തിൽ ആരംഭിച്ച പാഠ്യപദ്ധതി പരിഷ്ക്കരണം 2002-ഓടു കൂടി ഹൈസ്കൂൾ തലത്തിൽ പൂർണ്ണമായും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

2. അദ്ധ്യാപകർക്കായി ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടത്തി വരുന്നു.

3. പത്താം ക്ലാസ്സിലെ വിജയശതമാനം കുറഞ്ഞ സർക്കാർ സ്കൂളുകളെ ഉൾപ്പെടുത്തി "അഡോപ്റ്റഡ് സ്കൂൾ" എന്ന പദ്ധതിയിൽപ്പെടുത്തി ഇടവേളകളിൽ വിദ്യാർത്ഥികൾക്ക് പ്രത്യേകം ക്ലാസ്സുകൾ നൽകി വരുന്നു.

4. തിരഞ്ഞെടുക്കപ്പെട്ട ഹൈസ്ക്കൂളുകളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസ പരിപാടി നടപ്പിലാക്കി വരുന്നു.

5. സ്കൂളുകളിൽ ടി.വി/വി.സി.പി. നൽകി എഡ്യൂക്കേഷണൽ ടെക്നോളജി സ്കീം നടപ്പിലാക്കി വരുന്നു.

24 (2402) വിദ്യാർത്ഥികളുടെ ഫീസ് സൗജന്യം

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്ത അറബി കോളേജുകളിലെ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് കൺസഷൻ ലഭിക്കുന്നില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദ്യാഭ്യാസ ആനുകൂല്യം നൽകാൻ ബന്ധപ്പെട്ട ജില്ലാ പട്ടിക ജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

25 (2403) പാഠപുസ്തക വിതരണം

ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ഇ.ടി മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകൾ തുറന്ന് കഴിഞ്ഞിട്ടും 1,2,5,6 എന്നീ ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്കങ്ങൾ ലഭ്യമാകാത്തതുമൂലം അദ്ധ്യാപകരും വിദ്യാർത്ഥികളും നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുമൂലം എൽ.പി/യു.പി. വിഭാഗങ്ങളിൽപ്പെടുന്ന ഏതെങ്കിലും അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ തടസ്സപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതു വിഭാഗത്തിലെ അദ്ധ്യാപകർക്ക്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ഈ മാസത്തിൽത്തന്നെ പുസ്തകങ്ങൾ ലഭ്യമാക്കുന്നതാണ്.

(ബി) ഇല്ല.

(സി) ബാധകമല്ല.

26 (2404) അംഗീകാരം റദ്ദാക്കിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ശ്രീ. പി. രാജു :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. യു.എസ്. ശശി :
ശ്രീമതി ആർ ലതാദേവി :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളുടെ പേരിൽ സംസ്ഥാനത്തെ ചില സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അംഗീകാരം റദ്ദാക്കാൻ ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയെണ്ണം; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ കുറവുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അറിയിപ്പുകൾ ഒന്നും ഇതുവരെ കിട്ടിയിട്ടില്ല.

(ബി)&(സി) ബാധകമല്ല.

27 (2405) അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ മാറ്റം വരുത്താൻ നടപടി

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ കുറവ് കണക്കിലെടുത്ത് അദ്ധ്യാപകരുടെ ജോലി സംരക്ഷണം ഉറപ്പുവരുത്തുന്നതി

LIBRARY ARCHIVES Kerala Legislative Assembly